**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932** **10-06-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2020 വരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ നടത്തിയിട്ടുള്ള സ്കൂളുകളുടെ നവീകരണം, കെട്ടിട നിർമ്മാണം, സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ നൽകാമോ? | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി ഫണ്ട് - 2017-18 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി കിഫ്ബി ഫണ്ട് - 2017-18 ജി.എച്ച്.എസ്.എസ് എരിമയൂർ 3 കോടി കിഫ്ബി ഫണ്ട് - 2018-19 ആലത്തൂർ ജി.ജി.എച്ച്.എസ്.എസ് - ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 1 കോടി കിഫ്ബി ഫണ്ട് - 2018-19 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ് മുടപ്പല്ലൂർ, ജി.എച്ച്.എസ് കുനിശ്ശേരി, ജി.യു.പി.എസ് പുതിയങ്കം, ജി.എച്ച്.എസ്.എസ് തേൻകുറിശ്ശി എന്നീ സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. ജി.യു.പി.എസ് പുതിയങ്കം - 2018-19 പ്ലാൻ ഫണ്ട് 1 കോടി പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ കൈറ്റ് മുഖേനയാണ് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. കൈറ്റ് എസ്.പി.വി ആയി ആലത്തൂർ നിയോജക മണ്ഡലത്തിലെ GHSS കിഴക്കഞ്ചേരിയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമാണ പ്രവർത്തനങ്ങൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി. കൂടാതെ സെക്കന്ററി-ഹയർസെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് എന്നീ |

| | | | |
|---|---|---|---|
| | | | പദ്ധതിയിലുൾപ്പെടുത്തി 928 ലാപ്ടോപ്പ്, 520 മൾട്ടിമീഡിയ പ്രൊജക്ടർ, 327 മൗണ്ടിംഗ് കിറ്റ്, 98 വൈറ്റ് സ്ക്രീൻ, 31 43ഇഞ്ച് ടെലിവിഷൻ, 32 മൾട്ടി ഫങ്ഷൻ പ്രിന്റർ, 32 ഡി.എസ്.എൽ.ആർ. ക്യാമറ, 32 വെബ് ക്യാം, 766 യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ലഭ്യമാക്കി. ഇതിനായി ഏകദേശം 4.8 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ